(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ സംസ്ഥാന സർക്കാരിനു വിപുലീകരിക്കാൻ നിർവാഹമില്ല.

ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യം ഉണ്ടാക്കാൻ പദ്ധതികൾ

14 (*521) ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ തീർത്ഥാടനത്തിനെത്തുന്നവർക്കു സൗകര്യങ്ങൾ ഉണ്ടാക്കുവാൻ എന്തെല്ലാം ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ ;

(സി) ഇതിൽ ഏതെല്ലാം നടപ്പാക്കിയെന്നും ബാക്കി പദ്ധതികൾ നടപ്പാക്കാൻ എന്തു തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ,ബി & സി) ശബരിമലയിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് വനഭൂമി ആവശ്യമാണ്. തീർത്ഥാടകർക്ക് ഷെൽറ്ററുകൾ നിർമ്മിക്കുന്നതിനും വിരിവെയ്ക്കുന്നതിനും മരക്കൂട്ടത്ത് 10 ഹെക്ടറും അപ്പാച്ചിമേട്ടിൽ കാർഡിയോളജി യൂണിറ്റ് സ്ഥാപിക്കുന്നതിന് 0.52 ഹെക്ടറും ചെറിയാനവട്ടത്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1.44 ഹെക്ടറും വലിയാനവട്ടത്ത് സാനിറ്റേഷൻ സൗകര്യങ്ങൾക്കും വിരിവയ്ക്കുന്നതിനും 2.76 ഹെക്ടറും ചാലക്കയത്ത് പാർക്കിംഗിന് 5 ഹെക്ടറും, കുന്നാർ വാട്ടർ സപ്ലൈ പ്രൊജക്ടിന് 0.20 ഹെക്ടറും ഉൾപ്പെടെ 20 ഹെക്ടർ വനഭൂമി വികസനപ്രവർത്തനങ്ങൾക്ക് നല്കണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. പാർക്കിങ്ങിനും കുന്നാർ വാട്ടർ സപ്ലൈയ്ക്കും സീവേജ് പ്ലാന്റിനും വനഭൂമി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. വനഭൂമി വിട്ടുകിട്ടിയാൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു മാസ്റ്റർപ്ലാനും ദേവസ്വം ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. വിശ്രമ സങ്കേതങ്ങൾ, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, താമസ സൗകര്യം, കുടിവെള്ളത്തിനുള്ള ടാങ്കുകളുടെ നിർമ്മാണം എന്നിവയാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ പമ്പയിൽ കുടിവെള്ളവിതരണം മെച്ചപ്പെടുത്താൻ ചെക്ക്ഡാം നിർമ്മിക്കുന്നതിന് ജലസേചനവകുപ്പ് നടപടി എടുത്തിട്ടുണ്ട്. വൈദ്യുത വിതരണം മെച്ചപ്പെടുത്തുന്നതിനായി പമ്പയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പമ്പയിലേയ്ക്കുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് എരുമേലിയിൽ നിന്നും തുലാപ്പള്ളി ഇടത്തോട്ട് കോളനി വഴി ഒരു പുതിയ റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിനായുള്ള സർവ്വേ നടത്തിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly